(സി) ഈ ശുപാർശകളിൽ ഏതൊക്കെയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(ഡി) മറ്റ് ശുപാർശകൾ സ്വീകരിക്കാതിരിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) കമ്മീഷൻ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഉണ്ട്

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) കമ്മീഷന്റെ ശുപാർശ (ii), (iii),(iv),(vii), എന്നിവ അതേപടിയും മറ്റുള്ളവ ഭേദഗതികളോടെയും സ്വീകരിച്ചിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) കോപ്പി മേശപ്പുറത്ത് വയ്ക്കുന്നു.

ദേശീയ അന്ധതാ നിയന്ത്രണ പദ്ധതി

6 (*6) ശ്രീമതി. ആർ. ലതാദേവി :
ശ്രീ. ജോസ് ബേബി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ അന്ധതാ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സഞ്ചരിക്കുന്ന നേത്ര ചികിത്സാ യൂണിറ്റുകൾ സംസ്ഥാനത്ത് ഇപ്പോൾ എത്ര എണ്ണമുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നേത്ര ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നേത്ര ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ദേശീയ അന്ധതാ നിയന്ത്രണ പദ്ധതി 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സംസ്ഥാനത്ത ഇപ്പോൾ നടപ്പാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

1. സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഓപ്താൽമിക് യൂണിറ്റുകളിൽ നേത്ര ശസ്ത്രക്രിയയ്ക്കായി വേർതിരിച്ചിട്ടുള്ള ഓപ്പറേഷൻ തീയേറ്ററുകളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി 15 തിയേറ്ററുകൾ നവീകരിച്ചുകൊണ്ടിരിക്കുന്നു.

2. നേത്ര ശസ്ത്രക്രിയയ്ക്ക് പ്രത്യേക ഓപ്പറേഷൻ തിയേറ്ററുകളോ, നേത്രവാർഡോ ഇല്ലാത്ത ജില്ലാ ആശുപത്രികളിൽ പുതുതായി ഓപ്പറേഷൻ തിയേറ്ററും, പത്തു കിടക്കകളോടുകൂടിയ വാർഡും പണിയുന്നതാണ്. ആദ്യമായി തിരുവനന്തപുരം, തൃശ്ശൂർ, ആലപ്പുഴ, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഇതിനായി പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

3. 11 താലൂക്ക് ആശുപത്രി/സി.എച്ച്.സി എന്നിവിടങ്ങളിൽ നേത്ര രോഗ വിദഗ്ദ്ധരും ഓപ്താൽമിക് അസിസ്റ്റന്റുമാരും അടങ്ങിയ നേത്ര യൂണിറ്റുകൾ ആരംഭിച്ചു.

4. 23 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ പുതുതായി ഓപ്താൽമിക് അസിസ്റ്റന്റ് തസ്തിക സൃഷ്ടിച്ച് ഗ്രാമീണതലത്തിൽ നേത്ര പരിശോധന, കണ്ണട നിർദ്ദേശിക്കൽ, സ്കൂൾ കുട്ടികളുടെ കാഴ്ച പരിശോധന, നേത്ര പരിശോധനാ ക്യാമ്പുകൾ വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ളവരെ പ്രധാന ചികിത്സാ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യൽ എന്നിവ നടത്തി വരുന്നു. പുതിയതായി കോട്ടയത്തും, മഞ്ചേരിയിലും സഞ്ചരിക്കുന്ന നേത്ര ചികിത്സാ യൂണിറ്റുകളും അതിനാവശ്യമായ തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

5. സംസ്ഥാനത്ത് നേത്ര ബാങ്ക് വികസിപ്പിക്കാൻ വേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

6. ഓപ്താൽമിക് അസിസ്റ്റന്റ് ട്രെയിനിംഗ് ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് നല്കുക, ഓപ്താൽമിക് അസിസ്റ്റന്റ് ഡോക്ടർമാർ എന്നിവർക്കുള്ള പരിശീലന പരിപാടികളും നടത്തി വരുന്നു.

7. നേത്ര പരിശോധനയ്ക്കും, ശസ്ത്രക്രിയയ്ക്കും ആവശ്യമായ ഉപകരണങ്ങൾ, തിമിര ശസ്ത്രക്രിയയ്ക്കാവശ്യമായ ലെൻസുകൾ, മറ്റു സാമഗ്രികൾ എന്നിവ എല്ലാ ജില്ലാ ആശുപത്രികളിലും മറ്റു യൂണിറ്റുകളിലും ലഭ്യമാക്കിയിട്ടുണ്ട്. അന്ധത ഉള്ളവരെ കണ്ടെത്താനായി തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ സർവ്വേയും നടത്തി വരുന്നു.

(ബി) സംസ്ഥാനത്ത് ഇപ്പോൾ 15 സഞ്ചരിക്കുന്ന നേത്ര ചികിത്സാ യൂണിറ്റുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ 237 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നേത്ര ചികിൽസയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) കേന്ദ്ര സഹായം ലഭിക്കുന്നതനുസരിച്ച് ഇക്കാര്യം ആലോചിക്കാവുന്നതാണ്.

പി.എസ്.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

7 (*7) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി.പ്രസിദ്ധീകരിച്ച റാങ്കു ലിസ്റ്റുകളിൽ നിന്നും നിയമനം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് ബന്ധപ്പെട്ട വകുപ്പുകൾക്ക് നല്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടോ ;

(ഡി) ഒഴിവുകൾ യഥാസമയം റിപ്പോർട്ടു ചെയ്യാതിരുന്നതു മൂലം റാങ്ക് ലിസ്റ്റിൽ ഉണ്ടായിരുന്ന നിരവധി പേർക്ക് നിയമനം ലഭിക്കാതെ പോയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) തിരുവനന്തപുരം ജില്ലയിലെ എൽ.പി., യു.പി. അസിസ്റ്റന്റ് ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യാതിരുന്നതിനാൽ റാങ്ക് ലിസ്റ്റിലുണ്ടായിരുന്ന നിരവധി പേർക്ക് നിയമനം ലഭിക്കാതെ പോയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത് സംബന്ധിച്ച് സർക്കാരിന് പരാതി വല്ലതും ലഭിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യാതിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കമ്മീഷന് കോഴിക്കോട്ടും, എറണാകുളത്തും, കൊല്ലത്തും, ഓരോ മേഖലാ ആഫീസുകൾ അനുവദിച്ചു. പരീക്ഷാ സംബന്ധമായ ജോലികൾ ത്വരിതപ്പെടുത്തുന്നതിനായി ഒബ്ജക്ടീവ് മാതൃകയിൽ നടത്തുന്ന പരീക്ഷകളുടെ ഉത്തരകടലാസുകൾ മൂല്യ നിർണ്ണയം ചെയ്യുന്നതിനായി ഓപ്ടിക്കൽ മാർക്ക്

LIBRARY ARCHIVES Kerala Legislative Assembly